**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 289** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഇന്റേൺഷിപ്പിലൂടെ തൊഴിൽ ആഭിമുഖ്യവും തൊഴിൽ ക്ഷമതയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് വിവിധ തലങ്ങളിലുള്ള ഏതൊക്കെ പ്രോഗ്രാമുകളിലാണ് അവസാന സെമസ്റ്റർ ഇന്റേൺഷിപ്പിന് നീക്കിവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | ഉന്നതവിദ്യാഭ്യാസ രംഗത്ത് പുതുക്കിയ പാഠ്യപദ്ധതി പ്രകാരം, എല്ലാ നാലുവർഷ ബിരുദ പ്രോഗ്രാം വിദ്യാർത്ഥികൾക്കും വേനൽക്കാല ഇന്റേൺഷിപ്പുകൾ നിർബന്ധമാണ്. ഓണേഴ്സ് വിത്ത് റിസർച്ച് പിന്തുടരുന്ന വിദ്യാർത്ഥികൾ 12-ക്രെഡിറ്റ് റിസർച്ച് ഇന്റേൺഷിപ്പ് ഏറ്റെടുക്കേണ്ടതുണ്ട്. അതേസമയം ഓണേഴ്സ് പാതയിലുള്ളവർക്ക് ഒരു ക്യാപ്സ്റ്റോൺ പ്രോജക്റ്റായി ഒരു ഇൻഡസ്ട്രി ഇന്റേൺഷിപ്പ് പൂർത്തിയാക്കാനുള്ള അവസരവും ഉണ്ട്.<br><br>പുതുക്കിയ ബി. ടെക്. പാഠ്യപദ്ധതിയുടെ കാര്യത്തിൽ, വ്യവസായ സന്നദ്ധത ശക്തിപ്പെടുത്തുന്നതിനായി അവസാന വർഷത്തിൽ ഘടനാപരമായ ഇന്റേൺഷിപ്പ് അവസരങ്ങൾ നൽകുന്നു.<br><br>അതുപോലെ, പരിഷ്കരിച്ച ബി.വോക്. പാഠ്യപദ്ധതി വിദ്യാർത്ഥികൾക്ക് അവരുടെ അവസാന വർഷം വർക്ക് ഇന്റഗ്രേറ്റഡ് അല്ലെങ്കിൽ അപ്രന്റീസ്ഷിപ്പ് എംബെഡഡ് പ്രോഗ്രാമുകൾ പിന്തുടരാനുള്ള അവസരം നൽകുന്നു.<br><br>നിർദ്ദിഷ്ട പുതിയ ബിരുദാനന്തര പാഠ്യപദ്ധതി ഗവേഷണം/ ഇന്റേൺഷിപ്പ് വഴി ഒരു നൂതന ഓപ്ഷനും നൽകുന്നുണ്ട്. ഇതുവഴി വിദ്യാർത്ഥികൾക്ക് ഘടനാപരമായ ഗവേഷണം അല്ലെങ്കിൽ ഇന്റേൺഷിപ്പ് ഘടകത്തിലൂടെ ഒരു വർഷത്തെ മാസ്റ്റേഴ്സ് പ്രോഗ്രാം പൂർണ്ണമായും പൂർത്തിയാക്കാൻ കഴിയും.<br><br>കേരള സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള (KTU) എല്ലാ അവസാന സെമസ്റ്റർ |

എൻജിനീയറിങ് വിദ്യാർഥികൾക്കും 4 മാസം മുതൽ 6 മാസം വരെയോ അതിൽ കൂടുതലോ ഉള്ള ഇന്റേൺഷിപ്പുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അസാപ്പ് കേരള വഴി തുടങ്ങിയിട്ടുണ്ട്. അതോടൊപ്പം പാഠ്യപദ്ധതി പ്രകാരം തന്നെ ഫോർ ഇയർ അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാമുമായി (FYUGP) ബന്ധപ്പെട്ട് ആർട്സ് ആൻഡ് സയൻസ് ബിരുദ വിദ്യാർത്ഥികൾക്ക് അവരുടെ പഠന വിഷയങ്ങളുമായി ബന്ധപ്പെട്ട് ഇന്റേൺഷിപ്പുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും അസാപ് കേരളയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

കേരള സർവകലാശാലയിൽ എല്ലാ നാല് വർഷ യു.ജി. ഓണേഴ്സ് ബിരുദ വിദ്യാർത്ഥികൾക്കും അവരുടെ എട്ടാം സെമസ്റ്ററിൽ ഒരു പ്രോജക്റ്റ് ചെയ്യാൻ അവസരം ഉണ്ട്. പ്രോജക്റ്റ് ചെയ്യാത്ത വിദ്യാർത്ഥികൾ 12 ക്രെഡിറ്റുകൾക്കായി ഓൺലൈനായോ ഓഫ്ലൈനായോ മൂന്ന് കോഴ്സുകൾ ചെയ്യാം അല്ലെങ്കിൽ 15 ആഴ്ചത്തെ ഇന്റേൺഷിപ്പ് പ്രോജക്റ്റ് ചെയ്യാം. M.Sc Geology Specialisation in Geo Informatics -ന് രണ്ടാം സെമെസ്റ്ററിലും മറ്റു കോഴ്സുകൾക്ക് അവസാന സെമസ്റ്ററും ഇന്റേൺഷിപ്പിനു നീക്കിവെക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. B.Ed, M.Ed, LL.B, M.Com, MCA, MBA കോഴ്സുകൾക്കും നിലവിൽ ഇന്റേൺഷിപ് ഉണ്ട്.

മഹാത്മാഗാന്ധി സർവകലാശാലയിൽ CBCSS 2017, PGCSS 2019 എന്നീ റെഗുലേഷനുകൾ പ്രകാരം വിവിധ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളുടെ അവസാന സെമസ്റ്ററിൽ ഇന്റേൺഷിപ് ഒരു കോഴ്സായി ഉൾപ്പെടുത്തിയിട്ടുണ്ട്.

കൊച്ചി സർവ്വകലാശാലയുടെ എല്ലാ പ്രോഗ്രാമുകൾക്കും ഇന്റേൺഷിപ്പ് /തൊഴിൽ നൈപുണ്യ പരിശീലന സൗകര്യം ചെയ്തു വരുന്നുണ്ട്. ടി സർവ്വകലാശാല അവസാന വർഷം/അവസാന സെമസ്റ്റർ എന്ന രീതിയിൽ മാറ്റി വക്കുന്നതിന് പകരം പഠന കാലയളവിൽ ഇത്ര മണിക്കൂർ/കാലഘട്ടം എന്ന രീതിയിൽ മൂന്നാം സെമസ്റ്റർ മുതൽ ഇന്റേൺഷിപ്പ് വിഭാവനം ചെയ്തിരിക്കുന്നു. കൂടാതെ ബി.ടെക്. വിദ്യാർത്ഥികൾക്ക് ഇൻഡസ്ട്രിയൽ ഇന്റേൺഷിപ്പ് ചെയ്യാനുള്ള അവസരങ്ങൾക്കായി വിവിധ ഇൻഡസ്ട്രികളുമായി സർവ്വകലാശാല മെമ്മൊറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിൽ ഏർപ്പെട്ടിട്ടുണ്ട്. ബി.ടെക്. പ്രോജക്റ്റിനു പകരം ഇന്റേൺഷിപ്പ് റിപ്പോർട്ട് മൂല്യനിർണ്ണയം ചെയ്യുവാൻ സൗകര്യം ഉണ്ട്.

| | | | |
|---|---|---|---|
| | | | കാലിക്കറ്റ് സർവകലാശാല, കണ്ണൂർ സർവകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല എന്നിവിടങ്ങളിലെ നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ അവസാന സെമസ്റ്റർ ഇന്റേൺഷിപ്പിനായി നീക്കിവച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ സർവ്വകലാശാലയിലെ അഞ്ചു വർഷ ഇന്റഗ്രേറ്റഡ് മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെയും, പി.ജി. പ്രോഗ്രാമുകളുടേയും പാഠ്യപദ്ധതിയിൽ വിവിധ സെമസ്റ്ററുകളിലായി ഇന്റേൺഷിപ്പ് ഉൾപെടുത്തിയിട്ടുണ്ട്.<br><br>മലയാള സർവകലാശാലയിലെ എം.സി.ജെ., പരിസ്ഥിതിപഠനം എന്നീ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ അവസാന സെമസ്റ്ററുകളിൽ പാഠ്യപദ്ധതിയുടെ ഭാഗമായി ഇന്റേൺഷിപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്<br>ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ വിവിധ പ്രോഗ്രാമുകൾക്ക് ഇന്റേൺഷിപ് ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>എറണാകുളം, തൃശ്ശൂർ ഗവൺമെന്റ് ലോ കോളേജുകളിൽ പഞ്ചവത്സര / ത്രിവത്സര LLB കോഴ്സുകൾക്ക് എല്ലാ സെമസ്റ്ററിലും ഇന്റേൺഷിപ്പ് ഉണ്ട്.<br><br>നുവാൽസിലെ B.A.L.L.B. (Hons.) Degree വിദ്യാർത്ഥികൾക്ക് എല്ലാ സെമെസ്റ്ററിലും 14 ദിവസം നിർബന്ധിത ഇന്റേൺഷിപ് നടപ്പിലാക്കിയിട്ടുണ്ട്. കോഴ്സ് പൂർത്തിയാക്കുന്ന ഒരു വിദ്യാർത്ഥി 10 credit ഇന്റേൺഷിപ്പിൽ നിന്നും നിർബന്ധമായും സ്വായത്തമാക്കേണ്ടതുണ്ട്.<br>എൽ.ബി.എസ്.സെന്ററിലെ അവസാനവർഷ ബി.ടെക്. വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ് ചെയ്യുവാനുള്ള അവസരം CGPU KDISC, ASAP CDAC ISRO മുതലായ സ്ഥാപനങ്ങൾ മുഖേന ചെയ്തുവരുന്നു. കൂടാതെ 2024 CURRICULUM മുതൽ അവസാന വർഷം ഇന്റേൺഷിപ് നിർബന്ധമാക്കിട്ടുണ്ട്. വിദ്യാർത്ഥികളെ അവർക്ക് ജോലി നൽകുന്ന സ്ഥാപനവുമായിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ഇന്റേൺഷിപ്പിന് അയക്കാറുണ്ട്.<br>ഇത്തരത്തിൽ വകുപ്പിന് കീഴിൽ വരുന്ന വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പാഠ്യപദ്ധതിയുടെ ഭാഗമായി ഇന്റേൺഷിപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | അവസാന സെമസ്റ്റർ ഇന്റേൺഷിപ്പിന് നീക്കിവയ്ക്കുന്നതിലൂടെ വിദ്യാർത്ഥികളിൽ തൊഴിൽ | (ബി) | ഇന്റേൺഷിപ്പുകൾ വിദ്യാർത്ഥികൾക്ക് അർത്ഥവത്തായ പ്രായോഗിക അനുഭവം നൽകുകയും അക്കാദമിക് അറിവിനെ പ്രായോഗിക |

| | | | |
|---|---|---|---|
| | ആഭിമുഖ്യവും തൊഴിൽ ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സഹായകമാവുമോ; വിശദാംശം നൽകാമോ; | | പ്രയോഗവുമായി ബന്ധിപ്പിക്കുകയും ചെയ്യും. പ്രൊഫഷണൽ കഴിവുകൾ, ആത്മവിശ്വാസം, പൊരുത്തപ്പെടുത്തൽ എന്നിവ വികസിപ്പിക്കുന്നതിനൊപ്പം കരിയർ തെരഞ്ഞെടുപ്പുകൾ വ്യക്തമാക്കാനും അവ സഹായിക്കുന്നു.<br>ബിരുദ വിദ്യാർത്ഥികളുടെ പഠനത്തിന്റെ അവസാനകാലങ്ങളിൽ അവരുടെ പഠനവുമായി ബന്ധപ്പെട്ട മേഖലകളിലെ സാഹചര്യങ്ങൾക്ക് സമാനമായ ഒരു അന്തരീക്ഷം ഇന്റേൺഷിപ് വഴി ലഭ്യമാക്കുമ്പോൾ അത് അവരിൽ തൊഴിൽ ക്ഷമതയും തൊഴിലിനോടുള്ള ആഭിമുഖ്യവും വർദ്ധിപ്പിക്കുന്നു. കമ്പ്യൂട്ടർ സയൻസ്, ഐ.ടി. തുടങ്ങിയ എൻജിനീയറിങ് വിഷയങ്ങൾ പഠിക്കുന്ന കുട്ടികൾക്ക് അസാപ് കേരള വഴി Systrom, Fanuc തുടങ്ങിയ പ്രമുഖ കമ്പനികളിൽ ഇന്റേൺഷിപ് കൊടുക്കാൻ സാധിച്ചതിലൂടെ പരിശീലനം കഴിയുമ്പോൾ തന്നെ പ്രമുഖമായ ഐടി കമ്പനികളിൽ അവർക്ക് വളരെ വേഗത്തിൽ ജോലി നേടുവാൻ സഹായകരമാകുന്നു.<br>ഇന്റേൺഷിപ്പിലൂടെ നിലവിലെ വ്യാവസായിക അന്തരീക്ഷം കൂടുതൽ അടുത്തറിയാനും, പാഠ്യവിഷയത്തിന്റെ ഏറ്റവും പുതിയ സാങ്കേതികവിദ്യ മനസിലാക്കാനും കഴിയും. ഇന്റേൺഷിപ്പ് നൽകുന്നതും കൂടുതൽ തുക സ്റ്റൈപന്റായി നൽകുന്നതുമായ ചില കമ്പനികൾ കോഴ്സ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി കുട്ടികളെ സ്ഥിരജോലിയിലേക്ക് തെരഞ്ഞെടുക്കുന്നുമുണ്ട്.<br>ഇപ്രകാരം ഇന്റേൺഷിപ്പുകൾ ഉന്നതവിദ്യാഭ്യാസ രംഗത്തു മികച്ച പഠനാനുഭവങ്ങൾ ഉറപ്പാക്കാനും, വ്യവസായ ഇടപെടൽ, ഗവേഷണ എക്സ്പോഷർ എന്നിവയിൽ ഊന്നൽ നൽകികൊണ്ട്, ഉന്നത വിദ്യാഭ്യാസത്തെ ആഗോള മികച്ച രീതികളുമായി സംയോജിപ്പിക്കുന്നതിനും സാധിക്കുന്നു. |
| (സി) | വിവിധ പ്രോഗ്രാമുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഇന്റേൺഷിപ്പിനുള്ള സൗകര്യം സംസ്ഥാനത്ത് ലഭ്യമാണോ; അതിനായി സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ വിശദമാക്കാമോ? | (സി) | ലഭ്യമാണ്. ഇന്റേൺഷിപ്പ് പോർട്ടൽ വഴി വ്യവസായങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും മാത്രമല്ല, പഞ്ചായത്തുകളിലും സർക്കാർ വകുപ്പുകളിലും സഹകരണ ബാങ്കുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാരിതര സ്ഥാപനങ്ങളിലും ഇന്റേൺഷിപ്പ് അവസരങ്ങൾ ഉറപ്പാക്കുന്നു. എല്ലാ മേഖലകളിലുമുള്ള ഇന്റേൺഷിപ്പ് സ്ലോട്ടുകളും മെന്റർമാരെയും ചേർക്കുന്നതിന് സംസ്ഥാന വ്യാപകമായി ഒരു കാമ്പെയ്ൻ ആരംഭിച്ചിട്ടുണ്ട്. ഇതിൽ സൗജന്യവും സ്റ്റൈപ്പൻഡുള്ളതുമായ ഓപ്ഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>വിവിധ പ്രോഗ്രാമുകളിലെ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് നൽകുന്നതുമായി |

ബന്ധപ്പെട്ട് അസാപ് കേരള സ്കിൽ കണക്ട് എന്ന ഒരു പോർട്ടൽ ഒരുക്കിയിട്ടുണ്ട്. വിവിധ മേഖലകളിലെ കമ്പനികളുമായി ധാരണയിലെത്തി അവരെ പോർട്ടലിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ഏകദേശം 60 -ൽ പരം പ്രമുഖ കമ്പനികൾ ഇതിനോടകം തന്നെ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. യോഗ്യരായ വിവിധ പ്രോഗ്രാമുകളിലെ വിദ്യാർത്ഥികളെയും പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്യിപ്പിക്കുകയും അത് വഴി വിവിധ കമ്പനികളിലേക്ക് മാപ്പ് ചെയ്തുകൊണ്ട് ഇന്റേൺഷിപ്പ് വിജയകരമായി നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

നിലവിൽ SITTTR (State Institute of Technical Teachers' Training & Research, Kalamassery)-ന്റെ നേതൃത്വത്തിൽ ഓൺലൈൻ പോർട്ടൽ മുഖേന കമ്പനികൾക്കു രജിസ്റ്റർ ചെയ്യുവാനും, തുടർന്ന് മാനദണ്ഡങ്ങൾക്ക് വിധേയമായി ഒരു വിദഗ്ധ സമിതി കമ്പനികളുടെ ചുരുക്കപ്പട്ടിക തയാറാക്കുകയും ചെയ്യുന്നു. തുടർന്ന് വിദ്യാർഥികൾക്കു മേൽപ്പറഞ്ഞ തെരഞ്ഞെടുക്കപ്പെട്ട കമ്പനികളിലേക്കു പോർട്ടൽ വഴി ഇന്റേൺഷിപ്പിനു അപേക്ഷിക്കാവുന്നതാണ്. നിലവിൽ കേരളത്തിലും, പുറത്തും പ്രവർത്തിക്കുന്ന കമ്പനികൾ ഇതിൽ പങ്കാളികൾ ആകുന്നുണ്ട്.

തദ്ദേശീയ വ്യവസായങ്ങൾ, ബിസിനസ് സ്ഥാപനങ്ങൾ, കൃഷി, ആരോഗ്യം, അനുബന്ധ മേഖലകൾ, പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ പോലുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ്, സംസ്ഥാന കൗൺസിലുകൾ / ബോർഡുകൾ, മാധ്യമ സംഘടനകൾ, കലാകാരൻമാർ, കരകൗശല വിദഗ്ധർ തുടങ്ങിയ മേഖലകളിൽ നിന്നും ഇന്റേൺഷിപ്പിനുള്ള അവസരങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാവുന്നതാണ്.

കേരള സർവകലാശാല തൊഴിലധിഷ്ഠിത പരിശീലനവും ഇന്റേൺഷിപ്പുകളും വാഗ്ദാനം ചെയ്യുന്ന അംഗീകൃത ഏജൻസികളെ പട്ടികപ്പെടുത്തുകയും, ടി പട്ടികയിൽ നിന്ന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (HEIs) അംഗീകൃത ഏജൻസികളെ തെരഞ്ഞെടുക്കാൻ സാധിക്കുന്നതുമാണ്.

കാലിക്കറ്റ് സർവകലാശാല വിവിധ പ്രോഗ്രാമുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഇന്റേൺഷിപ്പിനുള്ള സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സർവകലാശാലാതലത്തിൽ ഒരു നാലംഗ അക്കാദമിക സമിതി രൂപീകരിച്ചിട്ടുണ്ട്.

സംസ്കൃത സർവകലാശാലയിൽ

| | | | | |
|---|---|---|---|---|
| | | | | ഇന്റേൺഷിപ് സംബന്ധിച്ച് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ തയാറാക്കുന്നതിനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും, പ്രസ്തുത കമ്മിറ്റി തയാറാക്കിയ കരട് മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.<br>നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ ഭാഗമായി ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകൾ കരിക്കുലത്തിൽ ഉൾപെടുത്തുന്നതിനായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ CSDCCP (Centre for Skill Development Courses & Career Planning) ആരംഭിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം സർവകലാശാലകളിലും CSDCCP സ്ഥാപിച്ചിട്ടുണ്ട്. CSDCCP-യുമായി സഹകരിച്ച് പ്രവർത്തിച്ച് വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസന കോഴ്സുകൾ ലഭ്യമാക്കുന്നതിനായി എംപാനൽ ചെയ്തിട്ടുള്ള ASAP, LBSCST എന്നീ ഏജൻസികൾ നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിനായി NSQF(National Skill Qualification Framework) അനുസൃതമായ കോഴ്സുകളുടെ ലിസ്റ്റ് തയാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ASAP സമർപ്പിച്ചിട്ടുള്ള ലിസ്റ്റിൽ നിന്നുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുന്ന പക്ഷം, പ്ലേസ്മെന്റിനും, ഇന്റേൺഷിപ്പിനുമുള്ള അവസരം ലഭ്യമാകാമെന്ന് പ്രൊപ്പോസലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കോഴ്സുകളിൽ നിന്നും സർവകലാശാലയ്ക്ക് അനുയോജ്യമായത് തെരഞ്ഞെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ